കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഇരിങ്ങാലക്കുട ബ്ലോക്ക്പഞ്ചായത്ത്

## 2017-18
## ഓഡിറ്റ് റിപ്പോർട്ട്


## ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

**e-mail: dotsr.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം കെ.എസ്.എ.ടി.എസ്.ആർ(ബിപി2)13/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശൂർ-680 020
ഫോൺ -0487 2331249
e-mail: dotsr.ksad@kerala.gov.in
തീയതി: 07.03.2019

ജോയിന്റ് ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത്.

സർ,

വിഷയം : ഇരിങ്ങാലക്കുട ബ്ലോക്ക്പഞ്ചായത്ത് – 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരിങ്ങാലക്കുട ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ 3-3, 3-5, 3-9, 3-12 ഖണ്ഡികയിലേയ്ക്കു് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക്പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക്പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസി.ഡെവലപ്പ്മെന്റ് കമ്മീഷണർ(ജനറൽ), തൃശ്ശൂർ (ഉപരിപത്രം സഹിതം)
3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ(ബിപി2)13/2019 തീയതി: 07.03.2019

# തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 25.7.17 മുതൽ 2.12.18 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2017-18 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും

വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. രാജഗോപാലൻ.സി ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 4.12.18 മുതൽ 11.12.18 വരെ |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി.ബിത ടി.എസ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ബേബി പി.വി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.സിജു പി ഡാംസൺ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. സോന കെ സത്യൻ | ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

### പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| വി.എ മനോജ്കുമാർ | 01.04.2017 മുതൽ 31.3.18 വരെ |

## സെക്രട്ടറി

| പേര് | കാലയളവ് |
|---|---|
| പി ഒ ജോസഫ് | 01.04.2017-31.05.2017 |
| ടി എസ് സുബ്രഹ്മണ്യൻ | 01.06.2017-03.10.2017 |
| ശ്രീജിത്ത് സി | 03.10.2017-14.01.2017 |
| ലത എ സി | 14.01.2017-16.02.2018 |
| ശ്രീജിത്ത് സി | 17.02.2018-31.03.2018 |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
|---|---|---|
| സൂപ്രണ്ട്, പി.എച്ച്.സി. ആനന്ദപുരം. | ഡോ. രാജീവ് | 01.04.2017മുതൽ 31.3.2018 വരെ |
| അസി എക്സിക്യൂട്ടീവ് എഞ്ചിനീയർ | ജോജി പോൾ | 01.04.2017 മുതൽ 31.03.2018വരെ |
| | | |

| | | |
|---|---|---|
| പട്ടികജാതി വികസന ഓഫീസർ | പി.എം.സജിനി. | 01.4.2017 മുതൽ 31.03.2018വരെ |
| അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | സുശീല | 01.4.2017മുതൽ 31.03.2018വരെ |
| വ്യവസായവികസന ഓഫീസർ | ഇ.പി.ഹരീഷ്. | 01.4.2017മുതൽ 31.03.2018വരെ |
| ശിശു വികസന ഓഫീസർ | അന്നമ്മ വർഗ്ഗീസ് | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഷെറീന പി.ജോർജ്ജ് | 01.04.2017മുതൽ 16.10.2017വരെ |
| | അരുൺ പി എസ് | 16.10.2017മുതൽ 31.03.2018വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.ബാബുരാജ് | 01.04.2017 മുതൽ 31.03.2018 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | വാർഷികകണക്കുകളിലെ അപാകതകൾ | 1-9 |
| | ഭാഗം 2 | |
| 10 | രസീതി പരിശോധനയിൽ കണ്ട അപാകതകൾ | 2-1 |
| 11 | വാടക രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല | 2-2 |
| 12 | കേസിലുള്ള വാടക കെട്ടിടങ്ങളുടെ ഡിമാന്റ് ,കുടിശ്ശിക വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുന്നില്ല | 2-3 |
| 13 | ഇ-ടെണ്ടർ - ടെണ്ടർ ഫീ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല. | 2-4 |
| | ഭാഗം 3 | |
| 14 | കൈപ്പറ്റ് രശീത്,വിനിയോഗ സാക്ഷ്യപത്രം എന്നിവ | 3-1 |

| | | |
|---|---|---|
| | ഹാജരാക്കിയിട്ടില്ല. | |
| 15 | പകൽ വീടുകൾക്ക് അനുബന്ധ സൗകര്യം ഒരുക്കൽ - പ്രവൃത്തി യഥാസമയം പൂർത്തികരിച്ചിട്ടില്ല. | 3-2 |
| 16 | കാട്ടൂർ - കാറളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി -അപാകതകൾ - 29,55,985 രൂപ ചെലവാക്കിയ പദ്ധതി പ്രവർത്തനസജ്ജമാക്കി ജലവിതരണം ആരംഭിച്ചിട്ടില്ല. | 3-3 |
| 17 | സേവനനികുതി അടവാക്കിയതിന്റെ രശീതി ലഭ്യമാക്കേണ്ടതാണ്. | 3-4 |
| 18 | റോഡ് പ്രവൃത്തികൾ -അപാകതകൾ | 3-5 |
| 19 | മൂരിക്കോൾപടവ് പമ്പ് ഹൗസ് അറ്റകുറ്റപണികൾ - അപാകതകൾ | 3-6 |
| 20 | കെട്ടിടങ്ങളുടെ പൊളിച്ചു മാറ്റിയ ഭാഗങ്ങൾ - ലേലം ചെയ്യുന്നതിനുള്ള തുടർനടപടി സ്വീകരിച്ചില്ല. | 3-7 |
| 21 | അസിസ്റ്റന്റ് ഡയറക്ടർ( കൃഷി )നടപ്പാക്കിയ പ്രോജക്റ്റുകൾ- ഔദ്യോഗിക കൈപ്പറ്റ് രസീതി,വിനിയോഗ സാക്ഷ്യപത്രം | 3-8 |

| | | |
|---|---|---|
| | ഹാജരാക്കത്തതിനാൽ 14,00,000 രൂപ തടസ്സപ്പെടുത്തുന്നു. | |
| 22 | അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) നടപ്പാക്കിയ പ്രോജക്റ്റുകൾ -രേഖകൾ അപൂർണം-26,19,118 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 3-9 |
| 23 | കുറവ് പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം 2510 രൂപ പിരിച്ചെടുത്ത് വികസനഫണ്ടിൽ അടക്കേണ്ടതാണ്. | 3-10 |
| 24 | സേവനനികുതി ചലാൻ,കൈപ്പറ്റ് രസീത് ഹാജരാക്കത്തതിനാൽ 6,29,316 രൂപ തടസ്സപ്പെടുത്തുന്നു | 3-11 |
| 25 | ഐ.എ.വൈ ഭവന നിർമാണം(എസ്.സി) വായ്പ തിരിച്ചടവ്-രേഖകളിലെ ന്യൂനതകൾ-വായ്പ മുതൽ നീക്കിയിരിപ്പ്,സേവിംഗ്സ് നീക്കിയിരിപ്പ് വാർഷികകണക്കിൽ ഉൾപ്പെടുത്തിയില്ല | 3-12 |
| | ഭാഗം 4 | |
| 26 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 28 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 29 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 30 | സ്ഥിര നിക്ഷേപം | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 33 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 36 | അനുബന്ധം 1 – ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 37 | അനുബന്ധം 2 – ഓഡിറ്റ് സംക്ഷിപ്തം | |


# ഭാഗം -1

# പൊതു അവലോകനം

# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 27.03.2017 തിയതിയിലെ തീരുമാനം (1) പ്രകാരം അംഗീകരിച്ചു. അംഗീകരിച്ച ബജറ്റ് പ്രകാരം മുന്നിരിപ്പ് 11856640 വരവ് 304267975 രൂപയും ചെലവ് 315906397 രൂപയും നീക്കിയിരിപ്പ് 218218 രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 2.06.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 14.09.2018, 15.09.2018 | ടി.എസ്.ആർ ഇ3/1517/18 തീയതി 05.11.18 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17551112 |
| വരവ് | 43868288 |
| ആകെ | 61419400 |
| ചെലവ് | 46198131 |
| നീക്കിയിരിപ്പ് | 15221269 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 16894188 | 16894188 | 16894188 | 0 | 100 |
| എസ് സി പി | 0 | 11556000 | 11556000 | 10741744 | 814256 | 93 |
| ടി എസ് പി | 0 | 24000 | 24000 | 0 | 24000 | 0 |
| 13th ധനകാര്യകമ്മീഷൻ | 0 | 0 | 0 | 0 | 0 | 0 |
| ലോകബാങ്ക് സഹായം | 0 | 0 | 0 | 0 | 0 | 0 |
| ബി ഫണ്ട് | 0 | 0 | 0 | 0 | 0 | 0 |
| നോൺ റോഡ് | 0 | 2154000 | 2154000 | 2154000 | 0 | 100 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 4295624 | 4829541 | 9125165 | 3394407 | 5730758 | 37.20 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗീകമായി നടപ്പിലാക്കിയത് | നടപ്പിലാക്കിയത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 66 | 47236850 | 45 | 30536936 | 18 | 3 | 69.23 |

## 1-7 ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ

1.ബജറ്റ് പ്രകാരമുള്ള വരവ് ചെലവും യഥാർത്ഥ വരവ് ചെലവും തമ്മിൽ വലിയ അന്തരമുണ്ട്. ബജറ്റ് മാനുവലിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
2.വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കുന്നില്ല.
പ്രൊജക്ക് നിർവ്വഹണം ആരംഭിച്ച് കഴിഞ്ഞാൽ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കേണ്ടതും പ്രവൃത്തിയുടെ ഓരോ ഘട്ടവും വിലയിരുത്തി ഭരണ സമിതിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും റിപ്പോർട്ട് നൽകേണ്ടതുമാണ്. സ്റ്റാന്റിങ്ങ്കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം തുടർച്ചയായി വിലയിരുത്തി ആവശ്യമായ ഇടപെടൽ നടത്തി നിർവ്വഹണ കലണ്ടർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുമാണ്.
3.രസീതികൾ, ക്യാഷ് ബുക്ക്, ഡേ ബുക്ക് എന്നിവയുടെ പരിപാലനം ക്രമപ്രകാരമല്ല. അപാകതകൾ ഖണ്ഡിക 2-1-ൽ വിശദമാക്കിയിട്ടുണ്ട്.
4. വാടക രജിസ്റ്റർ പൂർണ്ണമല്ല. ബന്ധപ്പെട്ട അപാകതകൾ ഖണ്ഡിക 2-2, 2-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.09.2018 | 2017-18 | 07.11.2018<br><br>No.74/ADC(PA)2017 |
| അക്കൗണ്ടന്റ് ജനറൽ | 08.12.14 മുതൽ 15.12.14 വരെ | 2009-10 മുതൽ 2013-14 | 25.02.2015<br><br>LBA(HQ)III 8B-1021/<br><br>14-15 |

# 1-9 വാർഷികകണക്കുകളിലെ അപാകതകൾ

1. പുറപ്പെടുവിച്ച ചെക്കുകളിൽ 3 മാസത്തിലധികമായി ക്യാഷ് ചെയ്യാത്തവയുടെ പട്ടിക പ്രകാരം കാലാവധി കഴിഞ്ഞ ചെക്കുകൾ Liability in respect of stale cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയില്ല.

| ബാങ്ക് അക്കൗണ്ട് | ചെക്ക് നമ്പർ/ തിയതി | തുക |
|---|---|---|
| IOB-MIS (Sanitation) | 012145/18.08.14 | 4600 |
| IOB-MIS (Sanitation) | 012141/14.07.14 | 4600 |

2. താഴെപറയുന്ന ബാങ്ക് പാസ്സ് ബുക്ക് നീക്കിയിരിപ്പുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ബാങ്ക് അക്കൗണ്ട് | ബാങ്ക്പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് | വാർഷിക ധനകാര്യപത്രിക പ്രകാരം നീക്കിയിരിപ്പ് |
|---|---|---|
| IDBI-Plan Fund | 6053926 | 5983926 |
| IAY-Administrative | 4135 | 9455 |

| | | |
|---|---|---|
| account | | |
| Nationalised Bank – SIG for SHG | 0 | -550 |

3. വാർഷിക ധനകാര്യ പത്രിക പ്രകാരം Nationalised Bank-SIG for SHG അക്കൗണ്ടിൽ മുന്നിരിപ്പ്, നീക്കിയിരിപ്പ് തുക 550/-ക്രെഡിറ്റ് ബാലൻസായി രേഖപ്പെടുത്തിയിരിക്കുന്നു. ബാങ്ക് പാസ്സ് ബുക്ക് പ്രകാരം 12.03.2015 ൽ ബാങ്ക് നീക്കിയിരിപ്പ് ഇല്ലായെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

4. കെട്ടിട വാടക, ഓഡിറ്റോറിയ ഹാൾ വാടക എന്നീ വരവിനങ്ങളുടെ ഡി.സി.ബി സംക്ഷിപ്തം രേഖപ്പെടുത്തി രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല.

5. ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11പ്രകാരമുള്ള തുകയുടെ കൃത്യത ഓഡിറ്റിൽ ഉറപ്പാക്കാനായില്ല.

6. അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവയുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. രേഖകളുടെ അഭാവത്തിൽ ഈ ഇനത്തിലുള്ള നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പുവരുത്താൻ കഴിയുന്നില്ല.

7. പാർട്ട് ബിൽ സംബന്ധിച്ച വിവരം ലഭ്യമാക്കാത്തതിനാൽ capital work in progress എന്ന ശീർഷകത്തിലെ തുകയുടെ കൃത്യത ഉറപ്പാക്കിയിട്ടില്ല.

8. പ്രത്യേകോദ്ദേശ്യ ഗ്രാന്റുകളുടെ വിവരം രേഖപ്പെടുത്തുന്നതിന് മാത്രമായി പ്രത്യേകം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

9. ബാലൻസ് ഷീറ്റ് B-14 പ്രകാരമുള്ള സ്റ്റോക്ക് നീക്കിയിരിപ്പ് തുകയുടെ കൃത്യത ഉറപ്പാക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയില്ല.

10. വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. [(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)]

വാർഷിക കണക്കുകളിലെ അപാകത പരിഹരിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീതി പരിശോധനയിൽ കണ്ട അപാകതകൾ

1. മാനുവൽ രസീതി പ്രകാരം ചില തിയതികളിൽ പിരിച്ചെടുത്ത തുകകൾ അക്കൗണ്ടിംഗ് സോഫ്റ്റ് വെയറായ സാംഖ്യയിൽ പോസ്റ്റ് ചെയ്തതായി അതാത് തിയതികളിലെ ഡേബുക്ക് പ്രകാരം കാണപ്പെട്ടില്ല. പിരിച്ചെടുക്കുന്ന തുകകൾ ഡേബുക്കിൽ യഥാസമയം രേഖപ്പെടുത്താത്തതും അതാത് ദിവസത്തെ ഡേബുക്ക് പ്രിന്റെടുത്ത് സൂക്ഷിക്കാത്തതും ഈ അപാകതയ്ക്ക് കാരണമായി. ടി തുകകൾ ബാങ്ക്, ട്രഷറിയിൽ ഒടുക്കിയെന്ന് ഉറപ്പാക്കിയിട്ടുണ്ടോ എന്നാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണം 2/6.12.18 ന് ടി തുകകൾ ബാങ്കിൽ അടവാക്കിയതായി ഉറപ്പുവരുത്തിയിട്ടുണ്ടെന്ന് മറുപടി നൽകി.

2011 ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ് ചട്ടങ്ങൾ) ചട്ടം 18 പ്രകാരം സ്ഥാപനങ്ങളിൽ സ്വീകരിക്കുന്ന എല്ലാ പണവും അതേ ദിവസം തന്നെ ക്യാഷ് ബുക്ക് , ബാങ്ക് ബുക്ക് എന്നിവയിൽ രേഖപ്പെടുത്തേണ്ടതാണ്. തുകകൾ യഥാസമയം അക്കൗണ്ടിംഗ് സോഫ്റ്റ്‌റ്വെയറായ സാംഖ്യയിൽ

രേഖപ്പെടുത്തേണ്ടതും അതേ ദിവസം തന്നെ ഡേബുക്ക്,ക്യാഷ് ബുക്ക് എന്നിവ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

2. 2018 ആഗസ്റ്റ്,സെപ്റ്റംബർ, ഒക്ടോബർ എന്നീ മാസങ്ങളിലെ ഡേബുക്ക് സാംഖ്യയിൽ ലഭ്യമല്ല. മാനവൽ രസീതി പ്രകാരം ഈ മാസങ്ങളിൽ വരവുണ്ട്. എച്ച്.സി യുടെ കംപ്യൂട്ടർസിസ്റ്റം തകരാറിനായതിനാൽ ഈ മാസങ്ങളിലെ ഡാറ്റാ എന്ററർചെയ്യുന്നതിന് കാലതാമസം നേരിട്ടുവെന്നും മാനവൽ രസീതികൾ സാംഖ്യയിലേക്ക് എന്ററർ ചെയ്യുന്നതാണെന്നും മറുപടി ലഭ്യമാക്കി.

3. രസീതി സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. സാംഖ്യ 25.7.17 മുതൽ 30.11.17 വരെയുള്ള സാംഖ്യ രസീതികൾ , ക്യാൻസൽഡ് രസീതികൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 9.11.17 ലെ 117030100060 മുതൽ 117030100079 വരെയുള്ള സാംഖ്യ രസീതി നമ്പറുകൾ ഡേബുക്ക്,ക്യാൻസൽഡ് റിപ്പോർട്ട് എന്നിവയിൽ കാണുന്നില്ല. മേൽ രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ടു കൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് രേഖകൾ സമർപ്പിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കാലതാമസം കൂടാതെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

4. ക്യാൻസൽ ചെയ്യുന്ന സാംഖ്യ രസീതികളിൽ സ്റ്റേഷനറി നമ്പർ , കാരണം എന്നിവ രേഖപ്പെടുത്തുന്നില്ല. ആയത് രേഖപ്പെടുത്തി രസീതികൾ ക്യാൻസൽ ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്. ശരിയായ രീതിയിൽ രസീതി സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

## 2-2 വാടക രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല

കാറളം മിനിവ്യവസായ കേന്ദ്രം, പുല്ലൂർ വ്യവസായ കേന്ദ്രം, ബ്ലോക്ക് കോമ്പൗണ്ടിനോട് ചേർന്ന കെട്ടിടം എന്നിവിടങ്ങളിലെ മുറികൾ ബ്ലോക്ക്പഞ്ചായത്ത് വാടകയ്ക്ക് നൽകുന്നുണ്ട്. വാടകയ്ക്ക് നൽകുന്ന മുറികളുടെ വിവരം രേഖപ്പെടുത്തി രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല. കളക്ഷൻ തുക മാത്രം രേഖപ്പെടുത്തുന്ന രീതിയിലാണ് രജിസ്റ്ററുകളുടെ പരിപാലനം. എന്നാൽ ഇത് പൂർണ്ണവുമല്ല.

വാർഷിക ധനകാര്യപത്രിക പ്രകാരം തൻവർഷം 32500 രൂപ ഡിമാന്റും27212 രൂപ കളക്ഷനും 5288 രൂപ കുടിശ്ശികയും രേഖപ്പെടുത്തിയിരിക്കുന്നു. മുൻവർഷ കുടിശ്ശികയായി 17373 രൂപയും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിന്റെ കൃത്യത പരിശോധിക്കുന്നതിന് വാടക രജിസ്റ്റർ പ്രകാരം സാധിക്കുന്നില്ല.

കെട്ടിടനമ്പർ, വാടകനിരക്ക്, Rent Deposit, Security Deposit , കരാർ വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും ഓരോ കെട്ടിടങ്ങളുടേയും ഡിമാന്റ്, കളക്ഷൻ , ബാലൻസ് തുക എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി വാടക രജിസ്റ്റർ പരിപാലിക്കേണ്ടതുമാണ്.

## 2-3 കേസിലുള്ള വാടക കെട്ടിടങ്ങളുടെ ഡിമാന്റ് ,കുടിശ്ശിക വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുന്നില്ല

കാറളം മിനിവ്യവസായ കേന്ദ്രത്തിലെ xv/262, xv/263 നമ്പർ മുറികൾ യഥാക്രമം 1720,1150 രൂപയ്ക്ക് 22.01.16 മുതൽ വാടകയ്ക്ക് നൽകിയിട്ടുള്ളതും 16.12.16 ലെ 4-ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം യഥാക്രമം 4367, 2926 രൂപയ്ക്ക് വാടക പുതുക്കി നിശ്ചയിച്ചിട്ടുമുള്ളതാണ്.

പുല്ലൂർ വ്യവസായ പരിശീലന കേന്ദ്രത്തിലെ VI/418 D മുറിയിൽ നിന്നും മേൽ കെട്ടിടങ്ങളിൽ നിന്നും 17-18 സാമ്പത്തിക വർഷം വാടക വരവില്ല. ഈ കെട്ടിടങ്ങളിലെ വാടക സംബന്ധിച്ച് കേസ് നിലനിൽക്കുന്നുണ്ട്. വാടക രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ടി കെട്ടിടങ്ങളുടെ വാടക ഡിമാന്റ്, കുടിശ്ശിക വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 9/10.12.18) മറുപടി ലഭ്യമാക്കിയില്ല.

വാർഷികധനകാര്യപത്രികയിൽ ഈ കെട്ടിടങ്ങളിൽ നിന്നുള്ള വാടക അക്രൂവൽ അടിസ്ഥാനത്തിൽ ഡിമാന്റ് ചെയ്യുകയോ , നാളിതു വരെയുള്ള വാടക കുടിശ്ശിക വിവരം ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. വാടക അടയ്ക്കാതെ കൈവശം വച്ച് പോരുന്ന ഈ കെട്ടിടങ്ങളുടെ വാടക ഡിമാന്റ്, കുടിശ്ശിക വിവരം വാടക രജിസ്റ്ററിൽ എഴുതി ആധികാരികമാക്കേണ്ടതും ആയത് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## 2-4 ഇ-ടെണ്ടർ - ടെണ്ടർ ഫീ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടില്ല.

GO(MS) No 318/2013/LSGD/28-09-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. മേലുത്തരവ് പ്രകാരം ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രഡിറ്റ് ചെയ്യുന്നത്. ആയത് പ്രകാരം, ബ്ലോക് പഞ്ചായത്ത് 2015-16 മുതൽ 2016-17 വരെയുള്ള വർഷങ്ങളിൽ ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് ബ്ലോക് പഞ്ചാത്തിന് ലഭ്യമായിട്ടില്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം (DB/AEE/LSGD/IJK/2018-19, തിയ്യതി - 19.12.18) ആകെ 1821328/- രൂപ ലഭിക്കാനുണ്ട്. തുക എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും തിരികെ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കൈപ്പറ്റ് രശീത്,വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

വൗച്ചർ നം.3/8-17, dtd.17.8.17. 50000/- (CB NO.29/17-18)

IRDP/SGSY, കുടുംബശ്രി ഓണം - ബക്രീദ് വിപണനമേള സംഘടിപ്പിക്കുന്നതിന് വേണ്ടി 50000/- രൂപ തൃശൂർ ജില്ലാ പഞ്ചായത്തിന്റെ ദാരിദ്ര ലഘൂകരണ യൂണിറ്റിന് നൽകിയിട്ടുണ്ട്. എന്നാൽ തുക നൽകിയതിന്റെ കൈപറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-2 പകൽ വീടുകൾക്ക് അനുബന്ധ സൗകര്യം ഒരുക്കൽ - പ്രവൃത്തി യഥാസമയം പൂർത്തികരിച്ചിട്ടില്ല.

നിർവ്വഹണം - അസി.എഞ്ചിനിയർ

പ്രോജക്ട് നം. പേര്. - SO75/18.,പകൽ വീടുകൾക്ക് അനുബന്ധ സൗകര്യം ഒരുക്കൽ.

അടങ്കൽ - 1073800/-(വികസന ഫണ്ട്)

കരാറുകാരൻ - ബെന്നി.സി.എ.

എഗ്രിമെന്റ് നമ്പർ - 13/2017-18 dtd.2.2.18.

എം.ബി. നം. - 7/2017-18.

ട്രഷറി ബിൽ നം. - 10/2017-18 dtd.28.3.18. 87961/-

കരാർ കാലാവധി - 4മാസം.

ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള പറപ്പൂക്കര, മുരിയാട്, കാറളം കാട്ടൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലെ ആങ്കണവാടികളോടനുബന്ധിച്ചുള്ള 4 പകൽ വീടുകൾക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് വേണ്ടി വിഭാവനം ചെയ്തതാണ് ടി പ്രോജക്ട്. എന്നാൽ

മുരിയാട് ഗ്രാമപഞ്ചായത്തിലെ 92ാം നമ്പർ അങ്കണവാടിയിൽ 87961 രൂപയുടെ പ്രവൃത്തി മാത്രമാണ് ചെയ്തിട്ടുള്ളത്. കരാറിൽ 4 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ പ്രവൃത്തിക്കു വേണ്ടി വിശദമായ എസ്റ്റിമേറ്റ്, പ്ലാൻ, മാപ്പ് എന്നിവ തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

1073800/- അടങ്കലുള്ള മേൽ പ്രോജക്ടിൽ കേവലം 87961/- രൂപയുടെ ചെലവ് മാത്രമാണ് നടത്തിയിട്ടുള്ളത്. വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാമായിരുന്ന വൻതുക യഥാസമയം വിനിയോഗിക്കാത്തതിനാൽ പാഴായതായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രവൃത്തി ചെയ്തത് സംബന്ധിച്ചുള്ള പൂർത്തികരണ സാക്ഷ്യപത്രം. മോണിട്ടറിംഗ് സമിതി റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രവൃത്തി സംബന്ധിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനം ആവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. കരാർ കാലാവധിയിൽ പ്രവൃത്തി പൂർത്തികരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-3 കാട്ടൂർ - കാറളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി -അപാകതകൾ - 29,55,985 രൂപ ചെലവാക്കിയ പദ്ധതി പ്രവർത്തനസജ്ജമാക്കി ജലവിതരണം ആരംഭിച്ചിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണം നടത്തുന്ന ബൃഹത്തായ പദ്ധതിയാണ് കാട്ടൂർ കാറളം ലിഫ്റ്റ് ഇറിഗേഷൻ. ജലസേചനത്തിനായി പൈപ്പ് ലൈൻ സ്ഥാപിക്കുകയാണ് പദ്ധതിയുടെ ഭൗതികലക്ഷ്യം. 2016-17, 2017-18 വർഷങ്ങളിലായി നിർവ്വഹണം നടത്തിയ 4 പദ്ധതികൾ മുഖേന 29,55,985 രൂപ ചെലവഴിച്ചിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | പ്രൊജക്ട് നം./ നി.ഉദ്യോഗസ്ഥൻ | അടങ്കൽ തുക | ചെലവ് തുക | ട്രഷറിബിൽ നം./ ചെക്ക് നം. |
|---|---|---|---|---|---|
| 1 | 2017-18 | 67/18, അസി. എഞ്ചിനീയർ | 10,96,172 | 10,88,663 | 14/9.2.18<br>22/22.3.18<br>54313 /9.2.18 |

| | | | | | |
|---|---|---|---|---|---|
| | | | | | 54339/31.3.18 |
| 2 | " | 64/18, അസി. എഞ്ചിനീയർ | 8,00,000 | 798357 | 18/8.2.18<br>20/22.3.18<br>54314/9.2.18<br>54340/31.3.18 |
| 3 | " | 68/18, സെക്രട്ടറി | 713556 | 648261 | 1/30.6.17<br>ചെക്ക് നം.55793/15.6.17 |
| 4 | 2016-17 | 7/17, അസി. എഞ്ചിനീയർ | 421900 | 420704 | 19/9.3.17<br>55791/24.6.17 |

മേൽപറഞ്ഞതിൽ തൻവർഷത്തെ പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു,

1.വൻതുക ചെലവാക്കിയ ഈ പദ്ധതി കമ്മീഷൻ ചെയ്ത് ജലവിതരണം ആരംഭിച്ചിട്ടില്ല.കാറളം പഞ്ചായത്തിലെ കല്ലട ക്ഷേത്രത്തിനടുത്ത് കെ എൽ ഡി സി കനാലിനു സമീപമുള്ള പാടശേഖരത്തിലെ കിണറാണ് ജലസ്രോതസ്സ്. സമീപം മോട്ടോർ പമ്പ് സ്ഥാപിച്ച് കാട്ടൂർ -കാറളം പഞ്ചായത്തുകളിലെ ജലസേചനാവശ്യം നിർവ്വഹിക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.പട്ടിക പ്രകാരമുള്ള 3പദ്ധതികളിലും പൈപ്പ് ലൈൻ നീട്ടൽ എന്ന പ്രവൃത്തിയാണ്നടന്നിരിക്കുന്നത്.ജലം പമ്പു ചെയ്യുന്നതിനുള്ള മോട്ടോർ സ്ഥാപിക്കൽ മറ്റൊരു പദ്ധതിയായും നിർവ്വഹിച്ചു.12-ാം പഞ്ചവൽസരപദ്ധതി മാർഗ്ഗരേഖയിലെ (സ.ഉ(എം.എസ്)നം.225/12/ത.സ്വ.ഭ.വ തീയതി.18.8.2012) ഖണ്ഡിക (ix) സി പ്രകാരം ഈ പദ്ധതി ഒരു ബഹുവർഷ പ്രൊജക്ടായി ആവിഷ്ക്കരിക്കേണ്ടതായിരുന്നു.ഒറ്റ ടെണ്ടറിൽ ചെയ്യേണ്ട പ്രവൃത്തിയാണ് നാലു പ്രൊജക്ടുകളായി വിഭജിച്ചു നിർവ്വഹിച്ചത്.ആയത് മാർഗ്ഗരേഖ നിർദ്ദേശത്തിന്റെ ലംഘനമാണ്.

ഓഡിറ്റ് നടത്തിയ സ്ഥലപരിശോധനയിൽ കാറളം പഞ്ചായത്തിലെ കല്ലട ക്ഷേത്രത്തിനടുത്ത് കെ എൽ ഡി സി കനാലിനു സമീപമുള്ള പാടശേഖരത്തിലെ കിണറിനു സമീപമാണ് പമ്പ് സ്ഥാപിച്ചിരിക്കുന്നത്. ആയത് പൂട്ടിയ നിലയിലായിരുന്നു. ഇലക്ട്രിഫിക്കേഷനാവശ്യമായ വയറിംഗ്

നടത്തിയിട്ടുണ്ടെങ്കിലും കണക്ഷൻ ലഭ്യമായിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന ബൃഹത്തായ പദ്ധതിയായിട്ടും സ്ഥലത്ത് ആയത് സൂചിപ്പിക്കുന്ന നെയിം ബോർഡോ, ദിശാ സൂചകങ്ങളോ മോട്ടോർ ഷെഡിന്റെ ചുവരുകളിൽ രേഖപ്പെടുത്തലോ കാണാൻ കഴിഞ്ഞില്ല. (പദ്ധതി ഫയലിനുള്ളിൽ ബോർഡ് നിൽക്കുന്നതിന്റെ ഫോട്ടോ സൂക്ഷിച്ചിരുന്നു). ടി പദ്ധതിക്ക് എം.എൽ.എ. ഫണ്ടിൽ നിന്നും 15 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുള്ളതിനാൽ സിസ്റ്റേൺ സ്ഥാപിക്കലും മറ്റ് അനുബന്ധപ്രവൃത്തികളും നടത്തി പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്ന് അസി.എഞ്ചിനീയർ അറിയിച്ചു.

2. കാട്ടൂർ -കാറളം പഞ്ചായത്തുകളുടെ ഏതെല്ലാം വാർഡുകളിൽ എത്രമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചു എന്നതിന്റെ സമഗ്രചിത്രം ഫയലിൽ നിന്ന് ലഭ്യമായില്ല. വിശദാംശമായ സൈറ്റ് പ്ലാൻ,ലോക്കേഷൻ മാപ്പ് എന്നിവ ഫയലിൽ സൂക്ഷിച്ചിരുന്നില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/10.12.18) ലഭ്യമാക്കിയ മറുപടിയിൽ താഴെ പറയുന്ന വിശദാംശം ലഭ്യമാക്കി.

| പദ്ധതി നം | പഞ്ചായത്തിന്റെ പേര് | പൈപ്പ് ലൈൻ സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ | ചെലവായ തുക |
|---|---|---|---|
| 67/17-18 | കാറളം | 891.3 മീ. | 1088663 |
| 64/17-18 | കാറളം | 860 മീ. | 798357 |

3.മേൽ പദ്ധതികളുടെ പൂർത്തീകരണ വിവരം ഫയലിൽ നിന്നും ലഭ്യമായില്ല.ഫയലിനോടൊപ്പം പൂർത്തീകരണപത്രം,മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സൂക്ഷിച്ചിട്ടില്ല. ടെക്നിക്കൽ സാങ്ഷൻ പ്രകാരം 1 മാസമാണ് മേൽപ്രവൃത്തികളുടെ (67/18,64/18)പൂർത്തീകരണ കാലാവധി.എന്നാൽ 1 വർഷത്തോളമെടുത്താണ് പൂർത്തീകരിച്ചത്. വിശദാംശം ചുവടെ ചേർക്കുന്നു.

67/18

AGMT.No 22/AEE/LSGD/IJK/31.3.17

M.B NO.45/16-17

Last check measure date-5.3.18

64/18

AGMT NO.19/AEE/LSGD/IJK/31.3.17

MB NO.47/16-17

Last check measure date-26.2.18
കോൺട്രാക്ടർ: T.A ഡേവിസ്. 20/03/18 ലെ 2(4) തീരുമാനപ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടികൊടുത്ത നിർവ്വഹണ ഉദ്യോഗസ്ഥന്റെ നടപടി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ആയതിനെ സാധൂകരിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4. 12-ാം പദ്ധതി മാർഗ്ഗരേഖ നിർദ്ദേശാനുസരണം ആവിഷ്കരിച്ച പദ്ധതികളായതിനാൽ (2016-17) അടങ്കൽ തുകയുടെ 10% പ്രയോജനം ലഭിക്കുന്ന സ്ഥലമുടമകൾ വഹിക്കേണ്ടതാണ്. 29.3.17 ലെ സ.ഉ(എം.എസ്)നം.72/17 ഉത്തരവ് ഖ.12.33 പ്രകാരം ജലസേചനപ്രൊജക്റ്റുകളുടെ തുടർനടത്തിപ്പും സംരക്ഷണവും പരിപാലനവും പാടശേഖരസമിതി/കർഷകകൂട്ടായ്മ/ഗുണഭോക്തൃസമിതി എന്നിവയുടെ ചുമതലയായി പ്രൊജക്റ്റിൽ വ്യവസ്ഥ ചെയ്യണം. ഗുണഭോക്തൃ വിഹിതം പദ്ധതിയിൽ വകയിരുത്തി പിരിച്ചു നൽകിയിട്ടുണ്ടെങ്കിലും ഗുണഭോക്തൃസമിതി രൂപവൽകരിച്ചതിന്റെ വിശദാംശം ലഭ്യമായില്ല. പദ്ധതി പൂർത്തീയാക്കി സമിതിക്ക് കൈമാറുന്നത് സംബന്ധിച്ച് ഭരണസമിതി തീരുമാനം ഉണ്ടായിട്ടില്ല. മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതുവരെ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ തൻവർഷത്തെ (2017-18) ചെലവുതുക (1088663+798357=1887020) 1887020 രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 സേവനനികുതി അടവാക്കിയതിന്റെ രശീതി ലഭ്യമാക്കേണ്ടതാണ്.

അസി. എക്സി. എഞ്ചിനിയർ / അസി. എഞ്ചിനിയർ നടപ്പാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ സർവ്വീസ് ടാക്സ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി ആയത് കോൺട്രാക്ടർക്ക്

അനുവദിച്ചിട്ടുണ്ട്. എന്നാൽ കോൺട്രാക്ടർമാർ സേവനനികുതി അടവാക്കിയതിന്റെ രശീതി ഫയലിനോടൊപ്പം സൂക്ഷിച്ചു കാണുന്നില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം./ പദ്ധതിയുടെ പേര് | സർവ്വീസ് ടാക്സ | കോൺട്രാക്ടറുടെ പേര് |
|---|---|---|---|
| 1 | 56/18, മൂരിക്കോൾ പടവ് പമ്പ് ഹൗസ് അറ്റകുറ്റപണികൾ MBNo. 35/16-17 ചെലവ് തുക 499322/- രൂപ<br><br>ട്രഷറി ബിൽ നം.7/30.6.2017 | 16328 രൂപ | കെ കെ ഉണ്ണികൃഷ്ണൻ |
| 2 | 57/18, കാട്ടൂർ സി എച് സിയിൽ വൃദ്ധവാർഡ് നിർമാണം<br><br>MBNo. 15/16-17,39/17-18 ചെലവ് തുക 661292/- രൂപ<br><br>ട്രഷറി ബിൽ നം.11/2017-18/26.9.17 | 19831രൂപ<br><br>37432 രൂപ | ബിജു ടോം |
| 3 | 66/18, കാറളം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ അടിസ്ഥാന സൗകര്യമൊരുക്കൽ | ഫസ്റ്റ് & ഫൈനൽ<br><br>47320 രൂപ | കെ എ ഗോപികുമാർ |

| | | | |
|---|---|---|---|
| | MBNo. 40/16-17<br>ചെലവ് തുക<br>450405+47579<br><br>ട്രഷറി ബിൽ<br>നം.8/20.8.17<br>ചെക്ക് നം.54019/21.8.17 | | |
| 4 | 52/8 കാട്ടൂർ ആശുപത്രി അറ്റകുറ്റപണി<br><br>MBNo. 33/16-17<br>ചെലവ് തുക 199902<br>ട്രഷറി ബിൽ<br>നം.10/26.09.17 | ഫസ്റ്റ് & ഫൈനൽ<br><br>18997 രൂപ | ബിജു ടോം |
| 5 | 65/18 ആനന്ദപുരം ആശുപത്രിയിൽ ടൈൽ വിരിക്കൽ<br>MBNo. 33/16-17<br>ചെലവ് തുക 50186<br><br>ട്രഷറി ബിൽ<br>നം.1/30.06.17 | ഫസ്റ്റ് & ഫൈനൽ<br><br>18997 രൂപ | മനോജ് റാഫേൽ |
| 6 | 51/18 ബ്ലോക്കാഫീസ് ഹാൾ അറ്റകുറ്റപണികൾ<br>MBNo. 38/16-17<br>ചെലവ് തുക 199980<br><br>ട്രഷറി ബിൽ നം.2/17-18/30.06.17 | 19002 രൂപ | മെറിബ.എ.ഡി. |

രശീതികൾ ലഭ്യമാക്കുന്നതുവരെ സർവീസ് ടാക്സിനത്തിൽ കരാറുകാരന് അനുവദിച്ചു നൽകിയ 1,77,907/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-5 റോഡ് പ്രവൃത്തികൾ -അപാകതകൾ

ജി.ഒ.(എം.എസ്) 72/17 നം.ഉത്തരവ് ഖ.12.10. 4,5 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത ഏത് റോഡും മെച്ചപ്പെടുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് പ്രൊജക്ട് ഏറ്റെടുക്കാവുന്നതാണ്. ആയതിന് ചുവടെ പ്രതിപാദിക്കുന്ന വ്യവസ്ഥകൾ പാലിക്കണം.

1. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം വാങ്ങിയിരിക്കണം.

2. പ്രധാനമന്ത്രി ആവാസ് യോജനയ്ക്ക് (പി.എം.എ.വൈ) വകയിരുത്തേണ്ടതായ മുഴുവൻ തുകയും വകയിരുത്തിയിട്ടുണ്ട് എന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തിരിക്കണം.

ബ്ലോക്ക് പഞ്ചായത്ത് തൻവർഷം നടപ്പാക്കിയ റോഡ് പ്രവൃത്തികളുടെ ഫയൽ പരിശോധനയിൽ മേൽപറഞ്ഞ വ്യവസ്ഥകൾ പാലിച്ചതിന്റെ രേഖകൾ ലഭ്യമായില്ല.

3. ബ്ലോക്ക് പഞ്ചായത്തുകൾക്ക് റോഡ് മെയിന്റനൻസ് ഫണ്ട് നൽകുന്നില്ല. റോഡിതര ഫണ്ടും, പ്ലാൻഫണ്ടും ഉപയോഗിച്ചാണ് പദ്ധതികൾ നിർവ്വഹിക്കുന്നത്. നിർവ്വഹണശേഷം റോഡുകൾ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറേണ്ടതുണ്ട്. ഇത്തരം പ്രവൃത്തികളുടെ ചെലവ് വാർഷിക കണക്കുകളുമായി ബന്ധപ്പെടുത്തി പരിശോധിച്ചതിൽ ഷെഡ്യൂൾ B-11 Fixed Assets ൽ ടി തുക ബുക്ക് ചെയ്തിരിക്കുന്നതായി കണ്ടു. 410300102 Roads Tarred -10015297/- രൂപ. ആയതിന്റെ ലെഡ്ജർ ബുക്ക് പരിശോധനയിൽ Capital Working Progress ൽ റോഡ് പ്രവൃത്തികൾ ഉൾപ്പെടുത്തികാണുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി അല്ലാത്ത റോഡുകൾ വാർഷിക കണക്കുകളിൽ ആസ്തി മൂല്യമായി കണക്കാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. റോഡ് ആസ്തികൾ പഞ്ചായത്തിന് കൈമാറിയതിന്റെ രേഖ ലഭ്യമാക്കേണ്ടതാണ്.

## 3-6 മൂരിക്കോൾപടവ് പമ്പ് ഹൗസ് അറ്റകുറ്റപണികൾ - അപാകതകൾ

പ്രൊജക്ട് നം.56/18

അടങ്കൽ തുക 555555 (വി.ഫണ്ട് 500000+ഗു.ഭോ.വി 55555)

ചെലവ് 552988 (വി.ഫണ്ട് 499322+ഗു.ഭോ.വി 53666)
ട്രഷറി ബിൽ നം. 7/17-18/30.06.17/ 4,99,322/-

1. മേൽപദ്ധതിയിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ക്രമനം 1 തോട് ആഴം കൂട്ടൽ പ്രവൃത്തിയിൽ 648.52 m3 മണ്ണ് കുഴിച്ചെടുത്തതായി എം ബുക്കിൽ (നം 35/16-17,പേജ് നം.34) രേഖപ്പെടുത്തിയിട്ടുണ്ട്. കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം എം ബിയിൽ രേഖപ്പെടുത്തിയിട്ടില്ല. ലവൽ ഫീൽഡ് ബുക്ക് ഫയലിനോടൊപ്പമില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
2. ആകെ പ്രവൃത്തി മൂല്യത്തിനോടൊപ്പം സർവ്വീസ് ടാക്സ് കൂടി കരാറുകാരന് അനുവദിച്ചിട്ടുണ്ട് 16328/- രൂപ . എന്നാൽ ടിയാൾ സർവ്വീസ് ടാക്സ് അടവാക്കിയതിന്റെ രേഖ ഫയലിനോടൊപ്പമില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.എസ്റ്റിമേറ്റിന് ലഭിച്ച സാങ്കേതികാനുമതിയിൽ സേവന നികുതി ഉൾപ്പെടുത്തി സേവന നികുതി അടവ് ,ടെണ്ടറിന്റേയും കരാറിന്റെയും ഭാഗമാക്കിയിട്ടുണ്ട്.എന്നാൽ സേവന നികുതി ഒഴിവാക്കൽ ലിസ്റ്റ് (Notification No. 25/2012-Service Tax dated 20th June,2012 ) ക്ര.ന 12(d) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് “canal, dam or other irrigation worksഅറ്റകുറ്റപണി,പുതുക്കിപണിയൽ എന്നീ സേവനങ്ങൾ പ്രദാനം ചെയ്യുന്ന പ്രവർത്തികളെ സേവന നികുതിയിൽ നിന്ന് ഒഴിവാക്കിയതായി കാണുന്നു.സേവന നികുതി ഒഴിവാക്കപ്പെട്ട ഇനം പ്രവൃത്തി യുടെ എസ്റ്റിമേറ്റിൽ സേവനനികുതി ഉൾപ്പെടുത്തി കരാറുകാരന് തുക നൽകിയതിനാൽ 16328 രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്.വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3. മേൽപദ്ധതികളുടെ പൂർത്തീകരണവിവരം ഫയലിൽ നിന്ന് ലഭ്യമായിട്ടില്ല. ഫയലിനോടൊപ്പം പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചത് ഉറപ്പുവരുത്താനായില്ല.(ഓഡിറ്റ് അന്വേഷണം നം.6/9.12.18)
തൃപ്തികരമായ വിശദീകരണത്തിന്റെ അഭാവത്തിൽ ആകെ ചെലവുതുക 5,52,988/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-7 കെട്ടിടങ്ങളുടെ പൊളിച്ചു മാറ്റിയ ഭാഗങ്ങൾ - ലേലം ചെയ്യുന്നതിനുള്ള തുടർനടപടി സ്വീകരിച്ചില്ല.

പൊതുമരാമത്ത് മാനുവൽ ഖണ്ഡിക 2919.3 പ്രകാരം കെട്ടിടം പൊളിക്കുന്ന പ്രവൃത്തികളിൽ പൊളിച്ചു മാറ്റുന്ന ഭാഗങ്ങളെ സംബന്ധിക്കുന്ന രജിസ്റ്റർ ((പ്രഫോർമ 2900 K)എഴുതി സൂക്ഷിക്കേണ്ടതും ഈ ഭാഗങ്ങൾ പരമാവധി അതേ പ്രവൃത്തിക്ക് ഉപയോഗിക്കേണ്ടതുമാണ്. അല്ലെങ്കിൽ ഇവ ഭൗതിക പരിശോധനക്ക് വിധേയമാക്കി, സർവ്വേ റിപ്പോർട്ട് തയ്യാറാക്കി ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ അനുമതിയോട് കൂടി പൊതുലേലം നടത്തേണ്ടതാണ്. എന്നാൽ അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ നിർവ്വഹണോദ്യഗസ്ഥനായി നടപ്പാക്കിയ താഴെ ചേർത്തിരിക്കുന്ന പ്രോജക്റ്റുകളിൽ, കെട്ടിടം അറ്റകുറ്റ പണികൾക്കായി പൊളിച്ചപ്പോൾ സ്റ്റോക്ക് ചെയ്തതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിട ഭാഗങ്ങൾ അതേ പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടില്ല. മൂല്യനിർണയം നടത്തുന്നതിനോ, സർവ്വേ റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതി അംഗീകാരത്തോടെ ലേലം ചെയ്യുന്നതിനോ ഉള്ള നടപടി സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിക്കുന്ന രജിസ്റ്ററും എഴുതി സൂക്ഷിക്കുന്നില്ല.

1. കാട്ടൂർ ആശുപത്രിയിൽ വൃദ്ധവാർഡ് നിർമ്മാണം MBNo. 39/17-18പേജ് നം 1 പ്രാകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് 2-ാം ഇനമായി 3.02 $M^3$ ബ്രിക്ക് വർക്ക് ഡെമോളിഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് അട്ടിവെച്ച് ഉപയോഗപ്പെടുത്തിയതിന്റെ വിശദാംശം MB യിൽ രേഖപ്പെടുത്തിയിട്ടില്ല.

2. പദ്ധതി നം. 62/18 പ്രിമെട്രിക് ഹോസ്റ്റൽ വെള്ളക്കെട്ട് ഒഴിവാക്കലും പെയിന്റിംഗും പ്രവൃത്തിയുടെ MBNo. 24/16-17 പേജ് നം.33 പ്രകാരം എക്സ്ട്രാ ഇനം.2 ആയി 91.18 $M^3$ റൂഫിങ്ങ് ഡിസ്മാന്റിൽ ചെയ്തിരിക്കുന്നു. (Dismanting roofing ridges, hips etc)ആയത് അട്ടിവെച്ച് ഉപയോഗപ്പെടുത്തിയതിന്റെ /ലേലം ചെയ്തതിന്റെ വിവരം MB യിൽ രേഖപ്പെടുത്തിയിട്ടില്ല.

പൊതുമരാമത്ത് മാനുവൽ പ്രകാരമുള്ള തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം നം.14/11.12.18)

3-8 അസിസ്റ്റന്റ് ഡയറക്ടർ( കൃഷി )നടപ്പാക്കിയ പ്രോജക്റ്റുകൾ- ഔദ്യോഗിക കൈപ്പറ്റ് രസീതി,വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കത്തതിനാൽ 14,00,000 രൂപ തടസ്സപ്പെടുത്തുന്നു.

**3.8.1.പ്രോജക്റ്റ് 21/2018- നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി**

| കൈപ്പറ്റിയ ഗ്രാമപഞ്ചായത്ത് | ബിൽ PPP2/17-18 -26.10.17പ്രകാരം തുക | ബിൽ 3/17-18 -24/11/2017 പ്രകാരം തുക | ആകെ |
|---|---|---|---|
| കാറളം | 2,50,000 | 50,000 | 3,00,000 |
| കാട്ടൂർ | 2,50,000 | 50,000 | 3,00,000 |
| മുരിയാട് | 2,00,000 | | 2,00,000 |
| പറപ്പൂക്കര | 3,00,000 | 2,00,000 | 5,00,000 |
| ആകെ | 10,00,000 | 3,00,000 | 13,00,000 |

3.8.1.1മേൽ സംയുക്ത പ്രോജക്റ്റിന് ഗ്രാമ പഞ്ചായത്തുകൾക്ക് തുക കൈമാറിയിട്ടുണ്ടങ്കിലും ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഔദ്യോഗിക രശീതി ലഭ്യമാക്കിയിട്ടില്ല.

3.8.1.2മേൽ പ്രോജക്റ്റ് പ്രകാരം പറപ്പൂക്കര ഗ്രാമപഞ്ചായത്തിന് 5,00,000 രൂപ നൽകിയിട്ടുണ്ടെങ്കിലും 3,00,000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ബാക്കി 2,00,000രൂപ വിനിയോഗിച്ചിട്ടില്ലെങ്കിൽ തുക തിരികെ ലഭ്യമാക്കി സഞ്ചിതനിധിയിലേയ്ക്ക് തിരികെ അടക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**3.8.2.പ്രോജക്റ്റ് 22/2018- പച്ചക്കറി കൃഷിക്ക് കൂലി ചെലവ് സബ്സിഡി**

| ക്ര.ന | ബിൽ നമ്പർ | തീയ്യതി | തുക | കൈപ്പറ്റിയ ഗ്രാമപഞ്ചായത്ത് |
|---|---|---|---|---|
| 1. | PPP 1/2017-18 | 26/10/2017 | 1,00,000 | കാറളം |

3.8.2.1 മേൽ സംയുക്ത പ്രോജക്റ്റിന് ഗ്രാമ പഞ്ചായത്തുകൾക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ഔദ്യോഗിക രശീതി ലഭ്യമാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച പ്രകാരം ഔദ്യോഗിക രസീതു്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കുന്നതുവരെ /വിനിയോഗിക്കാത്ത തുക തിരിച്ചടക്കുന്നതുവരെ ചെലവ് തുക 14,00,000 രൂപ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻകചയറി 7/ തീ 10/12/2018)

# 3-9 അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) നടപ്പാക്കിയ പ്രോജക്റ്റുകൾ -രേഖകൾ അപൂർണം-26,19,118 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

**3.9.1 പ്രോജക്റ്റ് 33/18- കാർഷിക സഹകരണ പാടശേഖര സമിതികൾക്കും കോൾ സമിതികൾക്കും കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങൽ .**

| ക്രമ നം. | ബിൽ നമ്പർ | തീയ്യതി | തുക | ഇൻവോയ്സ് നമ്പർ | തീയ്യതി | തുക | സ്ഥാപനം | ഇനം |
|---|---|---|---|---|---|---|---|---|
| 1 | PPP 5/2017-18 | 14.03.2018 | 963800 | ജി.എസ്.ടി /00218/2017-18 | 7/3/2018 | 11,87,550 | The Kerala Agro Industries co.ltd | Mahindra Yuvo 45 HP tractor 1,9 Tyne Cultivator 1,Cage wheel 1 pair,Cage wheel stand 1, wet land leveller 1, Red land baler 1 |
| 2. | ചെക്ക് നമ്പർ 058426 | 15.05.2018 | 223750 | | | | | |
| ആകെ | | | 11,87,550 | | | | | |

3.9.1.1 മേൽ പ്രോജക്റ്റ് പ്രകാരം മേൽ പട്ടികയിൽ സൂചിപ്പിച്ച കാർഷിക യന്ത്രസാമഗ്രികൾ വാങ്ങി, കാർഷിക സഹകരണ പാടശേഖര സമിതികൾക്കും കോൾ സമിതികൾക്കും വിതരണം ചെയ്യുന്നതാണ് പ്രോജക്റ്റിൽ വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ ഏതെല്ലാം യന്ത്രോപകരണങ്ങൾ ആണ് വാങ്ങി വിതരണം ചെയ്യാൻ ഉദ്ദേശിച്ചിരുന്നത് എന്ന് പ്രോജക്റ്റിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രോജക്റ്റ് ഫലപ്രദമായി നടപ്പാക്കുന്നതിനും നിർവ്വഹണോദ്യോഗസ്ഥൻ മാറുന്ന അവസരത്തിൽ ആയതിന്റെ ലക്ഷ്യം മുൻനിർത്തിയുള്ള തുടർച്ച എന്നിവ ഉറപ്പ് വരുത്തുന്നതിനും അത് നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും പ്രോജക്റ്റിൽ എല്ലാ രേഖപ്പെടുത്തലുകളും നടത്തേണ്ടത് നിർവ്വഹണോദ്യോഗസ്ഥന്റെ ചുമതലയാണ്. ഭാവിയിൽ ഇപ്രകാരമുള്ള ന്യൂനതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3.9.1.2 കാർഷികോപകരണങ്ങൾ ചെമ്മണ്ട കായൽ പുളിയം പാടം കടുംകൃഷി കർഷക സഹകരണ സംഘത്തിനാണ് കൈമാറിയിരിക്കുന്നതായി കാണുന്നത്. എന്നാൽ അത് സംഘത്തിന് നൽകിയതുമായി ബന്ധപ്പെട്ടും ഉപയോഗിക്കുന്നതിന്റെ നിബന്ധനകളുമായി ബന്ധപ്പെട്ടും നിർവ്വഹണോദ്യോഗസ്ഥൻ സംഘവുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല.

3.9.1.3ട്രാക്ടർ സ്ഥാപനത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ അതിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് പരിശോധന സാധ്യമായില്ല.

3.9.1.4ട്രാക്ടർ ഉപയോഗിക്കന്നതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ലോഗ് ബുക്ക് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3.9.1.5 മേൽ പ്രോജക്റ്റ് പ്രകാരം ആദ്യം ടെണ്ടർ ക്ഷണിക്കുന്നതിന്റെ ഭാഗമായി 2 ദർഘാസ് ഫോമുകൾ വിറ്റതിന്റെ വില 3400 രൂപ ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് ഡയറക്ടർ തുക സ്വീകരിക്കുന്നതിന് ഉപയോഗിച്ച രസീത് ബുക്ക്, കളക്ഷൻ രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
3.9.1.6 ഈ ഇടപാടിലൂടെ ആർജ്ജിച്ച ആസ്തി വാർഷികകണക്കിൽ കൃത്യമായി രേഖപ്പെടുത്തിയോയെന്നത് പരിശോധിക്കുന്നതിന് പേയ്മെന്റ് വൗച്ചറോ, ലെഡ്ജർ അക്കൗണ്ടോ ഹാജരാക്കിയിട്ടില്ല. (ബ്ലോക്ക് പഞ്ചായത്തിലെ അക്കൗണ്ടിംഗ് വിഭാഗം പരിഹരിക്കേണ്ടതാണ്)

## 3.9.2. പ്രോജക്റ്റ് 29/18-നെൽകൃഷി ജലസേചനത്തിന് പെട്ടിയും പറയും(വെർട്ടിക്കൽ ആക്സിസ് പമ്പ് സെറ്റ്)

| ക്രമ നം. | ബിൽ നമ്പർ | തീയ്യതി | തുക | ഇൻവോയ്സ് നമ്പർ | തീയ്യതി | തുക | സ്ഥാപനം | ഇനം |
|---|---|---|---|---|---|---|---|---|
| 1. | PPP 4/2017-18 | 14.03.2018 | 7,00,000 | ജി.എസ്.ടി /00218/017-18 | 07/03/2018 | 7,15,784 | The Kerala Agro Industries co.ltd | 30HP Verticle axial flow pump-1, 30HP panel board-1,3 nos earting,motor to panel wiring-1 |
| 2. | 2357214 ചെക്ക് | 09/10/2018 | 7,31,568 | ജി.എസ്.ടി /00218/017-18 | 21/02/2018 | 7,15,784 | The Kerala Agro Industries co.ltd | 30HP Verticle axial flow pump-1, 30HP panel board-1,3 nos earting,motor to panel wiring-1 |
| | | | 14,31,568 | | | 14,31,568 | | |

3.9.2.1 മേൽ പ്രോജക്റ്റ് പ്രകാരം വാങ്ങിയ യന്ത്രങ്ങൾ കണ്ണമ്പള്ളി കോൾ പാടശേഖര സമിതി, ആനുരുളി പട്ടികജാതി കോൾ കർഷക സമിതിയ്ക്ക് കൈമാറ്റം ചെയ്തതിന്റെയും കരാറിന്റെയും രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3.9.2.2 ഈ പ്രോജക്റ്റിലെ ചെലവ് വാർഷികകണക്കിൽ കൃത്യമായി രേഖപ്പെടുത്തിയോയെന്നത് പരിശോധിക്കുന്നതിന് പേയ്മെന്റ് വൗച്ചറോ , ലെഡ്ജർ അക്കൗണ്ടോ ഹാജരാക്കിയിട്ടില്ല.(ബ്ലോക്ക് പഞ്ചായത്തിലെ അക്കൗണ്ടിംഗ് വിഭാഗം പരിഹരിക്കേണ്ടതാണ്)

3.9.1.1. മുതൽ 3.9.2.2 വരെയുള്ള ഉപഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള ന്യൂനതകൾ ഉള്ളതിനാൽ/ രേഖകൾ ഹാജരാക്കാത്തതിനാൽ പ്രോജക്റ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റ് അഭിപ്രായം രൂപീകരിക്കത്തക്ക രീതിയിൽ പരിശോധന സാധ്യമായില്ല.ആയതിനാൽ രേഖകൾ ഹാജരാക്കി ഓഡിറ്റ് പൂർത്തീകരിക്കുന്നതു് വരെ ചെലവ് തുകയായ (11,87,550 + 14,31,568 )26,19,118 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി 7/ തീ 10/12/2018, 16/ തീ 11/12/18)
പദ്ധതി നിർവ്വഹണത്തിലെ മോണിറ്ററിംഗിന്റെ അഭാവവും വ്യക്തമാണ്. രേഖകളുടെ അഭാവത്തിൽ മേൽ പ്രോജക്ട് ഉദ്ദേശലക്ഷ്യങ്ങൾ കൈവരിച്ചുവെന്ന് ഓഡിറ്റിൽ അഭിപ്രായപ്പെടുന്നില്ല. ഇത് സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന് ഓഡിറ്റിൽ അഭിപ്രായപ്പെടുത്തുന്നു.

# 3-10 കുറവ് പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം 2510 രൂപ പിരിച്ചെടുത്ത് വികസനഫണ്ടിൽ അടക്കേണ്ടതാണ്.

പ്രോജക്റ്റ് 68/18-കാട്ടൂർ കാറളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ വൈദ്യുതീകരണവും വൈദ്യുത മോട്ടോർ സ്ഥാപിക്കലും
നിർവ്വഹണം- സെക്രട്ടറി

അളവ് പുസ്തകം : 1/17-18

ചെലവ് തുക

| ക്ര.ന | ട്രഷറി ബിൽ നമ്പർ/ ചെക്ക് നമ്പർ | തീയ്യതി | തുക | കുറിപ്പ് |
|---|---|---|---|---|
| 1. | 1 | 30/6/2017 | 5,85,944 | |
| 2. | 55793<br>ഗുണഭോക്തൃസമിതി വിഹിതം(എസ്.സി.ബി മാപ്രാണം) | 15/6/2017 | 71,356<br>-9039 | ഇതിൽ 9039 രൂപ രസീത് നമ്പർ 2069 തീ 4/7/17 ആയി തിരികെ നൽകി. |
| ആകെ ചെലവ് | | | 6,48,261 | |

3.10.1 മേൽ ഇലക്ട്രിക്കൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ ,ടെക്നിക്കൽ സാങ്ഷൻ,അളവെടുക്കൽ എന്നിവയ്ക്കായി എസ്റ്റിമേറ്റ് തുകയുടെ 4% തുക എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുണ്ട്.ഗുണഭോക്തൃവിഹിതം ആകെ ചെലവിന്റെ 10% ആണ് പ്രോജക്റ്റിൽ വിഭാവനം ചെയ്തിട്ടുള്ളത്.

| | |
|---|---|
| അളവ് പുസ്തകം പേജ് 58 പ്രകാരം ചെയ്ത പ്രവൃത്തിയുടെ മൂല്യം | 6,23,171.60 |
| എസ്റ്റിമേറ്റ്,തയ്യാറാക്കൽ ,ടെക്നിക്കൽ സാങ്ഷൻ,അളവെടുക്കൽ പ്രതിഫലം | 25,089.00 |
| ആകെ | 6,48,260.60 |

എന്നാൽ ആകെ ചെലവ് 6,23,172 രൂപ മാത്രം (എസ്റ്റിമേറ്റ്,തയ്യാറാക്കൽ ,ടെക്നിക്കൽ സാങ്ഷൻ,അളവെടുക്കൽ പ്രതിഫലം ഒഴികെ) കണക്കാക്കി ആയതിന്റെ 10% മാത്രം കണക്കാക്കി ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിനാൽ വികസനഫണ്ടിൽ നിന്നും 2510 രൂപ കൂടുതൽ ചെലവഴിക്കേണ്ടി വന്നു.ആയത് ഗുണഭോക്തൃവിഹിതമായി പിരിച്ചെടുത്ത് വികസനഫണ്ടിൽ തിരികെ അടവാക്കേണ്ടതാണ്.വിശദവിവരം താഴെ:

| ക്ര.ന | ഇനം | ചെലവഴിക്കേണ്ട തുക | ചെലവഴിച്ച തുക | കൂടുതൽ/ കുറവ് |
|---|---|---|---|---|
| 1. | ആകെ ചെലവ് | 6,48,261 | 6,48,261 | |
| 2. | ഗുണഭോക്തൃവിഹിതം 6,48,261 ന്റെ 10% | 64,827 | 62,317 | -2510 |
| 3. | പദ്ധതി വിഹിതത്തിൽ നിന്ന് ചെലവഴിക്കേണ്ടതു് 6,48,261 ന്റെ 90% | 5,83,434 | 5,85,944 | +2510 |
| | | | | |

3.10.2 ഈ പ്രോജക്റ്റ് നടപ്പാക്കിയതിലൂടെ ആർജ്ജിച്ച ആസ്തി വാർഷികകണക്കിൽ കൃത്യമായ ശീർഷകത്തിൽ രേഖപ്പെടുത്തിയോയെന്നത് പരിശോധിക്കുന്നതിന് പേയ്മെന്റ് വൌച്ചറോ , ലെഡ്ജർ അക്കൌണ്ടോ ഹാജരാക്കിയിട്ടില്ല.ചെലവ് തുക ഏതു ശീർഷകത്തിലാണ് ബുക്ക് ചെയ്തിരിക്കുന്നത് എന്ന് അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻകചയറി 11 തീ 11/12/2018,16 തീ 11/12/2018)

## 3-11 സേവനനികുതി ചലാൻ,കൈപ്പറ്റ് രസീത് ഹാജരാക്കാത്തതിനാൽ 6,29,316 രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് 70/17-18- അജൈവ മാലിന്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള റിസോഴ്സ് റിക്കവറി സെന്റർ- ചെലവ് -629316 (വികസനഫണ്ട്,എസ്.സി.പി)
നിർവ്വഹണം- സെക്രട്ടറി

| ക്ര.ന | ബിൽ നമ്പർ | തീയ്യതി | തുക |
|---|---|---|---|
| 1 | 9 | 31/8/17 | 1,74,316 |

| | | | |
|---|---|---|---|
| 2 | 15 | 24/10/17 | 4,55,000 |
| | | | 6,29,316 |

മേൽ പ്രോജക്റ്റ് പ്രകാരം Bailing machine വാങ്ങിയതിന് 4,55,000 രൂപയും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി നടപ്പാക്കിയതിന് 1,67,976 രൂപയും എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് 6,340 രൂപയും അപ്രകാരം ആകെ 6,29,316 രൂപയും ചെലവായിട്ടുണ്ട്.

3.11.1ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി നടപ്പാക്കിയതിന് നൽകിയ 1,67,976 രൂപയിൽ 1,58,468 രൂപ അളവ് പുസ്തകം 02/17-18 പേജ് 43 പ്രകാരം നൽകിയിരിക്കുന്നതും, 9,508 രൂപ സേവന നികുതി അടച്ചതിന്റേതുമാണ്.എന്നാൽ കരാറുകാരനായ കെ.എസ് സുരേഷ് സേവന നികുതി അടച്ചതിന്റെ ചലാൻ/ രസീത് ലഭ്യമാക്കിയിട്ടില്ല.

3.11.2 ക്ലീൻ കേരള കമ്പനി ലിമിറ്റഡ് ന് നൽകിയ 4,55,000 രൂപയുടെ കൈപ്പറ്റ് രസീതോ, തുക നൽകുന്നതിന് സ്ഥാപനത്തിന്റെ ബാങ്ക് അക്കൌണ്ട് നമ്പർ രേഖപ്പെടുത്തി തയ്യാറാക്കിയ ബിൽ ഫോം TR 59 Eയോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ആയതിനാൽ സ്ഥാപനം തുക കൈപ്പറ്റിയത് ഓഡിറ്റിൽ ഉറപ്പ് വരുത്താനായിട്ടില്ല.

3.11.3 ഈ ഇടപാടിലൂടെ ആർജ്ജിച്ച ആസ്തി വാർഷികകണക്കിൽ കൃത്യമായി രേഖപ്പെടുത്തിയോയെന്നത് പരിശോധിക്കുന്നതിന് പേയ്മെന്റ് വൌച്ചറോ , ലെഡ്ജർ അക്കൌണ്ടോ ഹാജരാക്കിയിട്ടില്ല.ചെലവ് തുക ഏതു ശീർഷകത്തിലാണ് ബുക്ക് ചെയ്തിരിക്കുന്നത് എന്ന് അറിയിക്കേണ്ടതാണ്.

3.11.1,3.11.2,3.11.3 എന്നീ ഉപഖണ്ഡികകളിൽ പരാമർശിച്ച രേഖകൾ ഹാജരാക്കുന്നതു വരെ 6,29,316രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി 11തീ 11/12/2018,16 തീ 11/12/2018)

# 3-12 ഐ.എ.വൈ ഭവന നിർമാണം(എസ്.സി) വായ്പ തിരിച്ചടവ്-രേഖകളിലെ ന്യൂനതകൾ-വായ്പ മുതൽ നീക്കിയിരിപ്പ്,സേവിംഗ്സ്

# നീക്കിയിരിപ്പ് വാർഷികകണക്കിൽ ഉൾപ്പെടുത്തിയില്ല

പ്രോജക്റ്റ് എസ്.ഒ 0024/18

ഐ.എ.വൈ ഭവന നിർമാണം(എസ്.സി) വായ്പ തിരിച്ചടവ്

നിർവ്വഹണം-സെക്രട്ടറി

2017-18 വർഷത്തിൽ താഴെ ചേർത്തിരിക്കുന്ന പ്രകാരം 28,07,337 രൂപ ഐ.എ .വൈ ഭവന പദ്ധതിയുടെ വായ്പ മുതൽ-പലിശ ഇനത്തിൽ 5 സഹകരണ ബാങ്കുകളിലേക്ക് തിരിച്ചടച്ചിട്ടുണ്ട്.

| ക്രമ നം. | ബാങ്ക് | വായ്പ (പാസ്സ്ബുക്ക്)നമ്പർ | ട്രഷറി ബിൽ നമ്പർ, തീയ്യതി | ട്രഷറി ബിൽ നമ്പർ, തീയ്യതി | ട്രഷറി ബിൽ നമ്പർ, തീയ്യതി | ബാങ്കുകളുടെ വായ്പ പാസ്സ്ബുക്ക് പ്രകാരം 31/3/18 ലെ വായ്പ മുതൽ തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| | | | 4 ,31/7/17 | 12/26/9/17 | 17/31/10/17 | |
| 1. | സർവ്വീസ് സഹകരണ ബാങ്ക്, കാട്ടൂർ | IJK BL/1-14 | 81,000 | 4,00,000 | 2,21,030 | 15,87,807 |
| 2. | സർവ്വീസ് സഹകരണ ബാങ്ക്, കാറളം | IAY 1 | 81,000 | 4,00,000 | 2,20,641 | -- |
| 3. | നെല്ലായി സർവ്വീസ് | IAY 1/13 | 40,500 | 2,00,000 | 1,10,513 | -- |

| | | | | | | |
|---|---|---|---|---|---|---|
| | സഹകരണ ബാങ്ക്, പറപ്പൂക്കര | | | | | |
| 4. | സർവ്വീസ് സഹകരണ ബാങ്ക്, മുരിയാട് | H/281 | 81,000 | 4,00,000 | 2,20,641 | -- |
| 5. | നെല്ലായി സർവ്വീസ് സഹകരണ ബാങ്ക്, പറപ്പൂക്കര (റൂറൽ) | ലഭ്യമല്ല | 40,500 | 2,00,000 | 1,10,512 | -- |
| | | | 3,24,500 | 16,00,000 | 8,83,337 | 15,87,807 |
| | | | ആകെ =28,07,837 | | | |

മേൽ വിവരങ്ങൾ പരിശോധിച്ചതുമായി ബന്ധപ്പെട്ട് ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

3.12.1.മുരിയാട് സർവ്വീസ് സഹകരണ ബാങ്കിലേക്ക് 31/10/17 ൽ അടച്ച തുക 2,20,641 രൂപയാണ്.എന്നാൽ വായ്പ പാസ്സ്ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത് 2,21,030 രൂപ വായ്പയിലേക്ക് തിരിച്ചടച്ചുവെന്നാണ്.ഇത് സംബന്ധിച്ച ഓഡിറ്റ് എൻകായറിക്ക് നൽകിയ മറുപടിയിൽ ബാങ്കിലേയ്ക്ക് അടച്ച തുക 2,20,641 രൂപ തന്നെയാണ് എന്നും ബാങ്ക് അധികൃതർ തെറ്റായി രേഖപ്പെടുത്തൽ വരുത്തിയതുമാണെന്ന് വിശദീകരിച്ചിട്ടുണ്ട്.പാസ്സ്ബുക്കിലെ രേഖപ്പെടുത്തലുകൾ ബാങ്ക് അധികൃതരാൽ ക്രമീകരിച്ച് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

3.12.2.കാട്ടൂർസർവ്വീസ് സഹകരണ ബാങ്കിന്റെ വായ്പ പാസ്സ്ബുക്ക് പ്രകാരം 31/3/2018 ൽ 15,87,807 രൂപ വായ്പ മുതൽ തുകയിലേയ്ക്ക് തിരിച്ചടക്കാനുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിൽ ഈ തുക

ബാധ്യതയായി ചേർത്തിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിൽ വായ്പ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുമില്ല. ആയതിനാൽ പാസ്സ്ബുക്കിലെ വായ്പ ബാക്കിയുടെ കൃത്യത പരിശോധിച്ച് ആവശ്യമെങ്കിൽ ഈ തുക വാർഷികകണക്കിൽ ബാധ്യതയായി രേഖപ്പെടുത്തുന്ന വിധം രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

3.12.3. വായ്പയെടുത്ത മേൽ ബാങ്കുകളുടെ വായ്പ തുക ക്രെഡിറ്റ് ചെയ്യുന്ന വായ്പ ബന്ധിത സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലെ 31/3/2018 ലെ നീക്കിയിരിപ്പ് തുക ചുവടെ ചേർക്കുന്നു. ഇത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ഉള്ള ബാങ്ക് അക്കൗണ്ടുകളാണ്. എന്നാൽ ഈ തുകകൾ ബ്ലോക്ക് പഞ്ചായത്തിന്റെ കണക്കിൽ ഉൾപ്പെടുത്താത്തതിനാൽ ഈ അക്കൗണ്ടുകൾ പ്രകാരമുള്ള ഇടപാടുകൾ രസീറ്റ് & പേയ്മെന്റ് പത്രികയിലോ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിലോ നീക്കിയിരിപ്പ് ബാലൻസ് ഷീറ്റിലും രസീറ്റ് & പേയ്മെന്റ് പത്രികയിലും ഉൾപ്പെടുന്നില്ല. ഈ അക്കൗണ്ടുകളിലുള്ള നീക്കിയിരിപ്പ് കണക്കാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

| ക്രമ നം. | ബാങ്ക് | അക്കൗണ്ട് നമ്പർ | 31/3/18 ലെ നീക്കിയിരിപ്പ്(പാസ്സ് ബുക്ക് പ്രകാരം) |
|---|---|---|---|
| 1. | സർവ്വീസ് സഹകരണ ബാങ്ക്, കാട്ടൂർ | 8770 | 119 |
| 2. | സർവ്വീസ് സഹകരണ ബാങ്ക്, കാറളം | 7500 | 415 |
| 3. | നെല്ലായി സർവ്വീസ് | 15587 | 2356 |

| | | | |
|---|---|---|---|
| | സഹകരണ ബാങ്ക്, പറപ്പൂക്കര | | |
| 4. | നെല്ലായി സർവ്വീസ് സഹകരണ ബാങ്ക്, പറപ്പൂക്കര | 2970 | 1551 |

3.12.4. മുരിയാട് സർവ്വീസ് സഹകരണ ബാങ്കിന്റെ വായ്പ തുക ക്രെഡിറ്റ് ചെയ്യുന്ന വായ്പ ബന്ധിത സേവിംഗ്സ് ബാങ്ക് അക്കൗണ്ട് പാസ്സ്ബുക്ക് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധിച്ച് നീക്കിയിരിപ്പ് കണക്കാക്കി വാർഷികകണക്കിൽ ഉൾപ്പെടുത്തേണ്ടതും പാസ്സ്ബുക്ക് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി 15/ തീ 11/12/2018)

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് തൃശ്ശൂർ | 2017-18 | 728000 | പി എം എ വൈ (ജി) എസ് സി | 196000 | 532000 |
| ജില്ലാപഞ്ചായത്ത് തൃശ്ശൂർ | 2017-18 | 253000 | പി എം എ വൈ (ജി) ജനറൽ | 253000 | |
| കാറളം ഗ്രാമപഞ്ചായത്ത് | 2017-18 | 280000 | പി എം എ വൈ (ജി) എസ് സി ഗ്രാമപഞ്ചായത്ത് | 70000 | 210000 |
| കാറളം ഗ്രാമപഞ്ചായത്ത് | 2017-18 | 0 | പി എം എ വൈ (ജി) ജനറൽ ഗ്രാമപഞ്ചായത്ത് | - | 0 |
| കാട്ടൂർ ഗ്രാമപഞ്ചായത്ത് | 2017-18 | 0 | പി എം എ വൈ (ജി) എസ് സി വിഹിതം | 0 | 0 |

| | | | | | |
|---|---|---|---|---|---|
| കാട്ടൂർ ഗ്രാമപഞ്ചായത്ത് | 2017-18 | 20000 | പി എം എ വൈ (ജി) ഗ്രാമപഞ്ചായത്ത് വിഹിതം ജനറൽ | 20000 | 0 |
| മുരിയാട് ഗ്രാമപഞ്ചായത്ത് | 2017-18 | 70000 | പി എം എ വൈ (ജി) ഗ്രാമപഞ്ചായത്ത് വിഹിതം എസ് സി | 70000 | 0 |
| മുരിയാട് ഗ്രാമപഞ്ചായത്ത് | 2017-18 | 140000 | പി എം എ വൈ (ജി) ഗ്രാമപഞ്ചായത്ത് വിഹിതം ജനറൽ | 140000 | 0 |
| പറപ്പൂക്കര ഗ്രാമപഞ്ചായത്ത് | 2017-18 | 0 | പി എം എ വൈ (ജി) ഗ്രാമപഞ്ചായത്ത് വിഹിതം എസ് സി | 0 | 0 |
| പറപ്പൂക്കര ഗ്രാമപഞ്ചായത്ത് | 2017-18 | 2000 | പി എം എ വൈ (ജി) ഗ്രാമപഞ്ചായത്ത് വിഹിതം ജനറൽ | 20000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്നതുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ എ വൈ ഭവനം സഹകരണ ബാങ്കിൽ നിന്നുള്ള വായ്പ തിരിച്ചടവ് | സ.ഉ(കൈ) നം 332/13 ത.സ്വ.ഭ.വ., തിരുവനന്തപുരം തിയ്യതി 09.10.2013 | 4406112 | 2807337 | 2807337 | 1116429 | -- |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1995-96<br><br>1999-2000 | 19,32,33 | 1999-2000<br><br>2004-2005 | 19,32,33 | വികസനരേഖ അച്ചടിച്ചത് പ്രൈവറ്റ് സ്ഥാപനത്തിന്റെ പരസ്യത്തിന്റെ തുക ഉപയോ ഗിച്ചാണ്. പരസ്യത്തിന്റെ തുകയുടെ വൗച്ചർ ഓഡിറ്റിന് ഹാജരാക്കാത്തത് സംബന്ധിച്ച്, നെൽകൃഷി വികസന പദ്ധതി<br><br>യന്ത്രവത്കരണം- കൊയ്ത്തുമെതി യന്ത്രം ഉപയോഗശൂന്യമായത് സംബന്ധിച്ച്, ആറാടിപ്പാടം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി- പ്രവൃത്തിക്ക് | റിപ്പോർട്ട് നൽകിയിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| | | | | അധികമായി കൈപ്പറ്റിയ 100 മീറ്റർ പൈപ്പിന്റെ തുക കൺവീനറുടെ പക്കൽ നിന്നും ഈടാക്കുന്നത് സംബന്ധിച്ച് | |

## 4-8 ചാർജ് സർചാർജ് നടപടി വിവരം

ലഭ്യമായില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) <u>സംക്ഷിപ്തവിവരം</u>**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 43868288 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 46198131 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2510 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5429329 |

**ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-10 | | 2510 | ടി.എസ് സുബ്രഹ്മണ്യൻ സെക്രട്ടറി |

## സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 50000 | ടി.എസ് സുബ്രഹ്മണ്യൻ സെക്രട്ടറി |
| 3-3 | 1887020 | ജോജി പോൾ, അസി.എഞ്ചീനീയർ |
| 3-4 | 177907 | ടി.എസ് സുബ്രഹ്മണ്യൻ സെക്രട്ടറി |
| 3-6 | 552988 | ശ്രീ. ജോജി പോൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-8 | 1400000 | സുശീല അസിസ്റ്റന്റ് ഡയറക്ടർ, കൃഷി |

| | | |
|---|---|---|
| 3-9 | 2619118 | സുശീല<br>അസിസ്റ്റന്റ്<br>ഡയറക്ടർ, കൃഷി |
| 3-11 | 174316 | ടി.എസ്<br>സുബ്രഹ്മണ്യൻ<br>സെക്രട്ടറി |
| 3-11 | 455000 | ശ്രീജിത്ത് .സി<br>സെക്രട്ടറി |
| ആകെ | 73,16,349 | |

(ഡി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഇ)<u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(എഫ്)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ടി.എസ് സുബ്രഹ്മണ്യൻ സെക്രട്ടറി | സെക്രട്ടറി, ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത്. | ടി.എസ് സുബ്രഹ്മണ്യൻ, തൈനത്തൂടൻ |

| | | |
|---|---|---|
| | | വീട്, മനകുളങ്ങര കൊടകര PIN:680684 |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96,96-97,97-98 | നം.എൽ.എഫ്.ടി.8-328/99/01-07-99 | |
| 98-99 | എൽ.എഫ്.ടി 16-1422/02/02-08-03 | |
| 99-00 | എൽ.എഫ്.ടി 16-1423/02/30-09-03 | |
| 00-01,01-02<br><br>പ്ലാൻ | എൽ.എഫ്.ടി 16-53/04/01-03-04 | |
| 00-01 | എൽ.എഫ്.ടി 21-2466/07/09-01-09 | |
| 01-02 | എൽ.എഫ്.ടി 21-2645/07/09-01-09 | |
| 02-03 | എൽ.എഫ്.ടി 21-2604/07/09-01-09 | |
| 03-04 | എൽ.എഫ്.ടി 21-2463/07/09-01-09 | |
| 04-05 | എൽ.എഫ്.ടി 21-2462/07/09-01-09 | |

| | | |
|---|---|---|
| 05-06 | എൽ.എഫ്.ടി 21-789/09/09-05-10 | |
| 06-07 | എൽ.എഫ്.ടി 21-790/09/30-03-10/06-08-10 | |
| 07-08 | എൽ.എഫ്.ടി (ബി.പി)1618/11/16-04-12 | |
| 08-09 | എൽ.എഫ്.ടി (ബി.പി)1619/11/16-04-12/03-08-12 | |
| 09-10 | എൽ.എഫ്.ടി(ബി.പി)1620/11/16-04-12/03-08-12 | |
| 10-11 | എൽ.എഫ്.ടി(ബി.പി)2294/12/08-02-13/03-06-13 | |
| 11-12 | എൽ.എഫ്.ടി(ബി.പി)206/13/08-05-13/02-09-13 | |
| 12-13 | എൽ.എഫ്.ടി(ബി.പി)1021/14 | |
| 13-14 | കെ എസ് എ ടിഎസ് ആർ-(ബി പി 2)1703/15/1.1.16/3.2.16 | |
| 14-15 & 15-16 | കെ.എസ്.എ.ടി.എസ്.ആർ.(ബി.പി.2) 653/17 തി.26.05.17 | |
| 16-17 | കെ.എസ്.എ.ടി.എസ്.ആർ.(ബി.പി.2) 1711/17 തി. 7.12.17 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1
# ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഇരിങ്ങാലക്കുട ബ്ളോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-2
# ഓഡിറ്റ് സംക്ഷിപ്തം

| | | |
|---|---|---|
| | | സംക്ഷിപ്തം(AuditedAbstract) |
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ജോയിന്റ് ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ